## പതിമൂന്നാം കേരള നിയമസഭ
### ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 2085 | 15/07/2011 -ലെ മറുപടിക്ക്

**<u>പൊതു വിദ്യാലയങ്ങളിൽ കുട്ടികളെ നിലനിർത്താൻ പദ്ധതികൾ</u>**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. ശിവദാസൻ നായർ<br>ശ്രീ. വർക്കല കഹാർ<br>ശ്രീ. റ്റി.എൻ. പ്രതാപൻ<br>ശ്രീ. അൻവർ സാദത്ത് | ശ്രീ. പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) |

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| (എ) | സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിൽ നിന്ന് കുട്ടികൾ അൺ - എയ്ഡഡ് വിദ്യാലയങ്ങളിലേയ്ക്ക് മാറുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അൺ എയ്ഡഡ് സ്ക്കൂളുകളിൽ എത്ര കുട്ടികൾ കൂടി/പൊതു വിദ്യാലയങ്ങളിൽ എത്ര വിദ്യാർത്ഥികൾ കുറഞ്ഞു; വ്യക്തമാക്കുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സ്റ്റേറ്റ് സിലബസ് പിന്തുടരുന്ന അൺ എയിഡഡ് സ്കൂളുകളിൽ 2011-12 വർഷത്തിൽ 12,714 കുട്ടികൾ കൂടുകയും ഗവൺമെന്റ്/എയിഡഡ് സ്കൂളുകളിൽ 1,33,628 കുട്ടികൾ കുറയുകയും ചെയ്തിട്ടുണ്ട്. |
| (ബി) | രക്ഷിതാക്കൾ അൺ എയ്ഡഡ് സ്ക്കൂളുകളിലേയ്ക്ക് കുട്ടികളെ അയക്കുന്നത് നിരുൽസാഹപ്പെടുത്തി പൊതു വിദ്യാലയങ്ങളിൽ കുട്ടികളെ നില നിർത്താൻ എന്തെങ്കിലും പദ്ധതികൾ ഉണ്ടോ; എങ്കിൽ എന്തെല്ലാം ? | (ബി) | ഭൗതിക സാഹചര്യം മെച്ചപ്പെടുത്തിയും അദ്ധ്യയന നിലവാരം ഉയർത്തിയും പൊതു വിദ്യാലയങ്ങളുടെ നിലവാരം മെച്ചപ്പെടുത്തി ആകർഷകമാക്കി കുട്ടികളെ നില നിർത്താൻ നിരവധി പദ്ധതികൾ വിദ്യാഭ്യാസ വകുപ്പും തദ്ദേശ സ്വയംഭരണ വകുപ്പും, എസ്.എസ്.എ., ആർ.എം.എസ്.എ. തുടങ്ങിയ പദ്ധതികൾ വഴിയും നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ